# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പഴയന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി12)1832/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 19/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി12)1832/2023 തീയ്യതി: 19/12/2023

## തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 08-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2023 | 15-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2023 | 15-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ജയകൃഷ്ണൻ എസ്, ഓഡിറ്റ് ഓഫീസർ

ശ്രീ. സുനിൽ പി. ബി, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി ദിവ്യ എസ്, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. രഞ്ജിത്ത് പി. ആർ, ഓഡിറ്റർ

ശ്രീ. സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| പി.കെ മുരളീധരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| അംബിക എം എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജുവൽ എം.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സുജിത്ത് എം.എസ് | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.ഉണ്ണികൃഷ്ണൻ എ.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| സുനിൽകുമാർ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| പി.കെ ഷിബുകുമാർ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| റോണി | വി ഇ ഒ (പഴയന്നൂർ സർക്കിൾ) | 01-04-2022 | 30-08-2022 |
| സോളി | വി ഇ ഒ (പഴയന്നൂർ സർക്കിൾ) | 31-08-2022 | 14-10-2022 |
| ഒഴിവ് | വി ഇ ഒ (പഴയന്നൂർ സർക്കിൾ) | 15-10-2022 | 18-10-2022 |
| രമ്യ കെ | വി ഇ ഒ (പഴയന്നൂർ സർക്കിൾ) | 19-10-2022 | 31-03-2023 |
| സോൺവിൻ ജോൺ | വി ഇ ഒ(എളനാട് സർക്കിൾ) | 01-04-2022 | 30-08-2022 |
| ഒഴിവ് | വി ഇ ഒ(എളനാട് സർക്കിൾ) | 31-08-2022 | 31-08-2022 |
| രമ്യ കെ | വി ഇ ഒ(എളനാട് സർക്കിൾ) | 01-09-2022 | 27-09-2022 |
| സുജിത്രൻ | വി ഇ ഒ(എളനാട് സർക്കിൾ) | 28-09-2022 | 31-03-2023 |
| ഗിനിക പി ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 08-07-2022 |
| അനൂപ് പി എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-07-2022 | 31-07-2022 |
| അനില പി ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2022 | 25-11-2022 |
| ജിഷ കെ ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-11-2022 | 31-03-2023 |
| ഗിരിജ | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്,പഴയന്നൂർ | 01-04-2022 | 31-03-2023 |
| ജയമോൾ ബേബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 28-10-2022 |
| സുനിൽകുമാർ എം.എ | അസിസ്റ്റന്റ് സെക്രട്ടറി | 29-10-2022 | 31-03-2023 |
| ഡോ.അജിഷ് സി.വൈ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 12-06-2022 |
| ഡോ.ജോബി സി.എൽ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 13-06-2022 | 31-03-2023 |
| ശ്രീജ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 04-07-2022 |
| പ്രീനു പ്രസാദ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 05-07-2022 | 02-09-2022 |
| വിനിത ഉണ്ണികൃഷ്ണൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 03-09-2022 | 31-03-2023 |
| ഡിപിൻ.എം.എൻ. | കൃഷി ഓഫീസർ | 01-04-2022 | 05-06-2022 |
| ഉണ്ണികൃഷ്ണൻ പിള്ള. എസ്. | കൃഷി ഓഫീസർ | 06-06-2022 | 12-08-2022 |
| ബൈജു | കൃഷി ഓഫീസർ | 13-08-2022 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സ്ഥിര നിക്ഷേപം-പലിശ ആയത് അക്രൂവൽ ആകുന്ന മുറക്ക് രേഖപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം പലിശ ആനുപാതികമായി കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ് | 1-1-1 |
| 3 | സ്ഥിര നിക്ഷേപം-ബാങ്കുമായി ബന്ധപ്പെട്ട് നിയമാനുസൃതമായ നിരക്കിലുള്ള പലിശ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-1-2 |
| 4 | Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല | 1-1-3 |
| 5 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-6 |
| 8 | ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-7 |
| 9 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 1-1-8 |
| 10 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-9 |
| 11 | Prior Period Item-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-10 |
| 12 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ഫണ്ട് വിനിയോഗം | 1-3 |
| 18 | പദ്ധതി അവലോകനം | 1-4 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 20 | ക്ഷേമപദ്ധതികൾ | 1-6 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 23 | പഞ്ചായത്തിന്റെ നികുതി, നികുതിയേതര വിഭവസമാഹരണത്തിന്റെ കാര്യക്ഷമത - അവലോകനം | 1-9 |
| 24 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-10 |
| 25 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 26 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-12 |
| 27 | വസ്തുനികുതി - ബാധകമായ വർദ്ധനവുകൾ വരുത്തിയില്ല | 1-13 |
| 28 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു | 1-14 |
| 29 | കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-15 |

| | | |
|---|---|---|
| 30 | സ്ഥാപന/ട്രേഡേഴ്സ് തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-16 |
| 31 | സാമൂഹ്യ സുരക്ഷാപെൻഷനുകൾ– അനർഹമായി തുക കൈപ്പറ്റിയത്-തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 32 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ–വിവരം ലഭ്യമാക്കിയില്ല | 1-18 |
| 33 | മരുന്ന് വിതരണം-വിവരം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 34 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി | 1-20 |
| 35 | അങ്കണവാടി അനുപൂരകപോഷകാഹാരം ജിഎസ്റ്റി ടിഡിഎസ് ഈടക്കിയില്ല | 1-21 |
| 36 | പി.എം.എ.വൈ. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |
| 37 | പകൽ വീട് ഉപയോഗയോഗ്യമാക്കേണ്ടതാണ്. | 1-23 |
| 38 | ഷീ ലോഡ്ജ് ഉപയോഗശൂന്യമായി നിലനിൽക്കുന്നു. | 1-24 |
| 39 | ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പഴയന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21.07.2023 ലെ 14(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 21.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 19.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ കാര്യാലയം, തൃശ്ശൂർ**

### 1-1-1 സ്ഥിര നിക്ഷേപം-പലിശ ആയത് അക്രൂവൽ ആകുന്ന മുറക്ക് രേഖപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം പലിശ ആനുപാതികമായി കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്

1.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 31.03.2023 തീയതിയിൽ താഴെ കൊടുത്തിരിക്കുംപ്രകാരം 32698127 രൂപയുടെ സ്ഥിരനിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | ബാങ്ക് | സ്ഥിര നിക്ഷേപ നമ്പർ | തുക |
|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക്, പഴയന്നൂർ | 433500 | 1228736 |
| 2 | കേരള ബാങ്ക്, പഴയന്നൂർ | 256007 | 500000 |
| 3 | കേരള ബാങ്ക്, പഴയന്നൂർ | 256073* | 969391 |
| 4 | പഴയന്നൂർ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് | 101140010143570 | 10000000 |
| 5 | പഴയന്നൂർ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് | 101140010143569 | 20000000 |
| ആകെ | | | 32698127 |

26.07.2011 തീയതിയിലെ 152/2011/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിക്ഷേപങ്ങളുടെ പലിശ ആയത് അക്രൂവൽ ആകുന്ന മുറക്ക് രേഖപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം പലിശ ആനുപാതികമായി കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ സ്ഥിര നിക്ഷേപങ്ങളിൽ ഇത്തരത്തിൽ പലിശ കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| Sl No. | Bank | FD No | Amount | Re Newal/fd Date | Interest Rate | Interest For One Month | Interest Till 31.03. 23 | Total Amount | Amount As Per AFS | Difference |
|---|---|---|---|---|---|---|---|---|---|---|
| 1 | PNB | 433500 | 1243217 | 30.10.22 | 6.3 | 6527 | 32635+ (6527* 2/31) =33056 | 1276273 | 1228736 | 47537 |
| 2 | Kerala Bank | 256007 | 500000 | 17.01.23 | 6.75 | 2813 | 5626+ (2813* 15/31) =6987 | 506987 | 500000 | 6987 |
| 3 | PFSCB | 101140010143569 | 10000000 | 08.02.23 | 7.75 | 64583 | 64583+ (64583* 21/28) =113020 | 10113020 | 10000000 | 113020 |
| 4 | PFSCB | 101140010143570 | 20000000 | 08.02.23 | 7.75 | 129167 | 129167+ (129167* 21/28) =226042 | 20226042 | 20000000 | 226042 |
| Total | | | | | | | | 32122322 | 31728736 | 393586 |

*പഴയന്നൂർ കേരള ബാങ്കിലുള്ള 256073 നമ്പർ സ്ഥിര നിക്ഷേപത്തിന്റെ 23.04.2022 മുതൽ 22.04.2023 വരെയുള്ള കാലയളവിലെ പലിശനിരക്ക് ലഭ്യമാക്കാത്തതിനാൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 സ്ഥിര നിക്ഷേപം-ബാങ്കുമായി ബന്ധപ്പെട്ട് നിയമാനുസൃതമായ നിരക്കിലുള്ള പലിശ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ലഭ്യമാക്കിയ രേഖകൾ പ്രകാരം പഴയന്നൂർ കേരള ബാങ്കിലുള്ള 256073 നമ്പർ സ്ഥിര നിക്ഷേപത്തിൽ 31.03.2023 തീയതിയിൽ 969391 രൂപയുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 80012284084 നമ്പർ അക്കൗണ്ടിന്റെ 23.04.2018 മുതൽ 22.04.2022 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 22.04.2022 ന്

തന്നെ 969391 രൂപയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സ്ഥിരനിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ 11.07.2023 തീയതിയിൽ 23.04.2023 മുതൽ 7.25% പലിശ നിരക്കിൽ ഒരു വർഷത്തേക്ക് 969391 രൂപയാണ് പുതുക്കി നിക്ഷേപിച്ചിട്ടുള്ളത്. 23.04.2022 മുതൽ 22.04.2023 വരെയുള്ള സ്ഥിര നിക്ഷേപത്തിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും ടി കാലയളവിലെ പലിശ നിരക്കും ലഭ്യമല്ല. ബാങ്ക് അധികാരികളുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ നിയമാനുസൃതമായ പലിശ നിരക്കിൽ സ്ഥിര നിക്ഷേപം പുതുക്കേണ്ടതും ടി കാലയളവിൽ അക്രൂവൽ ആയ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-1-3 Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല

വ്യത്യസ്ത ഗ്രാന്റുകളുടെ ലെഡ്ജർ പരിശോധിച്ചു. ഗ്രാന്റുകൾ ഉപയോഗിച്ച് നടത്തിയ മൂലധന പ്രവർത്തികൾക്ക് തത്തുല്യമായ തുക " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | ലെഡ്ജർ പ്രകാരം ചെയ്ത മൂലധന പ്രവർത്തികളുടെ ആകെ തുക | ലെഡ്ജർ പ്രകാരം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്ത തുക | വ്യത്യാസം |
|---|---|---|---|---|
| 1 | സി.എഫ്.സി -ബേസിക് ഗ്രാന്റ് | 1433835 | 470400* | 963435 |
| 2 | സി.എഫ്.സി ടൈഡ് ഫണ്ട് | 5237485 | 2180205 | 3057280 |
| 3 | ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ | 988489 | 0 | 988489 |

* പ്രോജക്റ്റ് നമ്പർ 38/23 വാട്ടർ കിയോസ്ക് സ്ഥാപിക്കൽ പ്രകാരം സി.എഫ്.സി ടൈഡ് ഫണ്ടിൽ നിന്നാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ശീർഷകം മാറി സി.എഫ്.സി-ബേസിക് ഗ്രാന്റിനത്തിലാണ് ആയത് രേഖപ്പെടുത്തിയിട്ടുള്ളത്.

2023-24 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച വ്യത്യാസമുള്ള മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകക്ക് തത്തുല്യമായ തുക “Prior Period Income ” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ നിക്ഷേപ പ്രവർത്തിക്കായി നൽകിയ തുകകൾക്കു വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് സൃഷ്ടിക്കപ്പെടുന്ന ആസ്തികൾക്ക് അനുയോജ്യമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതും ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.

## 1-1-4 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320300102 | ജലനിധി | 1181205 | 450210101 | 40726101030415 | 26826 |

## 1-1-5 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -10802537 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 23208255 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-1-7 ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം (SBI E-payment- 37121561057) 75487 രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 8022 രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-8 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2023 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക " Directly Debited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | തീയ്യതി | തുക |
|---|---|---|
| ST Chelakkara-799013000000652 | 06.05.2022 | 2500 |
| ആകെ | | 2500 |

## 1-1-9 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 2,482,301 | 31.03.23 | 42201433 |
| 2 | തൊഴിൽ നികുതി ട്രേഡേഴ്സ് | 110200105-Profession Tax-Traders | 506000 | 31.03.23 | 42201429 |
| 3 | വസ്തു നികുതി-റസിഡൻഷ്യൽ | 110100101 | 2787308 | 31.03.23 | 42201446 |
| 4 | വസ്തു നികുതി-നോൺ റസിഡൻഷ്യൽ | 110100102 | 4573064 | 31.03.23 | 42201447 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-10 Prior Period Item-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൌണ്ട് (ഐ-19) പ്രകാരം "Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19 & I-18) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period -Property Tax | -268966 |
| 190200401-Prior Period Income-Other Income | -38482 |
| 290800701-Prior Period- Miscellaneous Expenses | -450478 |

## 1-1-11 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-12 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS" ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**1.തൻവർഷം**

1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2787030 | 2767274 | 20312 | 28008 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2787308 | 2735349 | 12614 | *28008 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(29527 /105X100)= 28120 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4573756 | 4337989 | 10141 | 280697 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ | 4573064 | 4281844 | 4534 | *280697 |
| | (ഇൻകം | (റസീറ്റ് & | (350410104- | *(294767 |

| | | | | |
|---|---|---|---|---|
| പ്രകാരം | &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | /105X100)= 280730 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

**2.കുടിശ്ശിക**

2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 582621 | 533031 | 54340 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *806209 | 533031 | **54437 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (373664+472856= 846520/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ൻ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (57159/105X100)=54437, |

2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1576682 | 273641 | 1303631 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1613396 | 273641 | 1304845 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(405587+1288479= 1694066/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1369038/105X100)= 1303845, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

**1-1-13 വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 31925 | 31815 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 56145 | 55453 |

## 1-1-14 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല

താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|
| CFC Tied | 6131096 | 5433642 | -697454 |
| CFC Basic Grant | 1397239 | 1817835 | 420596 |
| ആകെ | 7528335 | 7251477 | 276858 |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 23/03/2022 | |
| കമ്മിറ്റിതീരുമാനം | പഞ്ചായത്ത് കമ്മിറ്റി 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 202662922 | 195953000 |
| റിവൈസ്ഡ്ബജറ്റ് | | |
| പാസ്സാക്കിയ തിയതി | 27/03/2023 | |
| കമ്മിറ്റിതീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 211299382 | 204770000 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 30212000 | 30212000 | 28476404 | 1735596 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 16281000 | 16281000 | 14571216 | 1709784 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 819000 | 819000 | 732770 | 86230 |
| മെയിന്റനൻസ്, റോഡ് | 0 | 17037000 | 17037000 | 5337083 | 11699917 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 9578000 | 9578000 | 6903616 | 2674384 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- CFC Tied Fund(ബാങ്ക്) | 5851206 | 7973411 | 13824617 | 5433642 | 8390975 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- CFC Tied Fund( ട്രഷറി) | 0 | 3391385 | 3391385 | 0 | 3391385 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- CFC Basic Grant((ബാങ്ക്) | 77932 | 5400956 | 5478888 | 1817835 | 3661053 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- CFC Basic Grant(ട്രഷറി) | 0 | 4923432 | 4923432 | 0 | 4923432 |
| ഹരിയാലി | 311089 | 8498 | 319587 | 0 | 319587 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിറ്റേഷൻ-പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് | 310870 | 0 | 310870 | 0 | 310870 |
| ICDS | 1059909 | 1903226 | 2963135 | 1963367 | 999768 |
| TSP CORPUS FUND | 2589834 | 0 | 2589834 | 328840 | 2260994 |
| MN Laksham Veedu | 310000 | 0 | 310000 | 0 | 310000 |
| Vimukthi | 50797 | 0 | 50797 | 3000 | 47797 |
| പ്രീമൺസൂൺ ക്യാമ്പെയ്ൻ | 151602 | 0 | 151602 | 0 | 151602 |
| Health Grant Towards Support Of Diagnostic Infrastructure | 0 | 501508 | 501508 | 0 | 501508 |
| Health Grant Towards Conversion Of PHCs And Subscentres Into Health &Wellness Centres | 0 | 281095 | 281095 | 0 | 281095 |
| Fund For Transferred Institutions -Homeopathy | 0 | 450000 | 450000 | 0 | 450000 |
| ജീവധാര | 26520 | 0 | 26520 | 0 | 26520 |
| ജലനിധി | 1176666 | 4539 | 1181205 | 0 | 1181205 |
| Chiyak | 16848 | 0 | 16848 | 0 | 16848 |
| ഭവനനിധി | 0 | 72676 | 72676 | 35822 | 36854 |

ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 215 | 178931124 | 139 | 80794824 | 45% | 65% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1620583 | 1620583 | 1620583 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നല്കുന്നത് | 0 | 87384109 | 87384109 | 87384109 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 32644599 | 32644599 | 32644599 | 0 |
| ആകെ | 0 | 121649291 | 121649291 | 121649291 | 0 |

* കുറിപ്പ് : 22.10.2022 തീയതിയിലെ DD2/355/2022/LSGD നമ്പർ കത്ത് പ്രകാരം നീർത്തട നടത്തം സംഘടിപ്പിച്ച ഇനത്തിലെ ചെലവു തുകയായ 30924/- രൂപ വാർഷിക കണക്കുകളിലെ ആകെ ചെലവിനത്തിൽ ഉൾപ്പെട്ടിട്ടില്ല.

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 747 | 8253400 |
| വിധവാ പെൻഷൻ | 1871 | 20630500 |
| വാർദ്ധക്യകാല പെൻഷൻ | 3944 | 40074800 |
| വികലാംഗ പെൻഷൻ | 495 | 5509000 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 232 | 2586000 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 6 | 180000 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.2023 തീയതിയിൽ 3.30 Pm ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28442/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 പഞ്ചായത്തിന്റെ നികുതി, നികുതിയേതര വിഭവസമാഹരണത്തിന്റെ കാര്യക്ഷമത - അവലോകനം

**1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൻപ്രകാരം നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളോ, തീരുമാനങ്ങളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉണ്ടായിട്ടില്ല. തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി ക്യാമ്പ് സംഘടിപ്പിക്കൽ, നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗങ്ങൾ അവലംബിക്കൽ തുടങ്ങിയവ നടപ്പാക്കിയിട്ടുണ്ട്. തനത് വരുമാനത്തിന്റെ കുടിശിക തുകക്ക് റവന്യ റിക്കവറി ശിപാർശ നൽകിയിട്ടുണ്ട്. 01.06.2022 ലെ സ.ഉ.(കൈ)നം.117/2022/LSGD പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തുന്നില്ല. എന്നാൽ നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ

നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.02/07.11.2023).

**2) വസ്തുനികുതി**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.3.23 ലെ സ.ഉ.(കൈ)നം.77/2023/എൽ.എസ്.ജി.ഡി നം. ഉത്തരവ് പ്രകാരം 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ സംബന്ധിച്ച് 17/05/2023 തിയ്യതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(1), 3(1) നമ്പർ തീരുമാനപ്രകാരം കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 21/08/2023 തിയതിയിലെ 2(2) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. നിലവിൽ പുതുക്കിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്. സഞ്ചയ സോഫ്റ്റ് വെയറിൽ പുതുക്കിയ നികതി വിവരങ്ങൾ സംബന്ധിച്ച അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല. ഉറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി പരിശോധിച്ചെങ്കിലും അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻ വർഷങ്ങളിലെ അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് കെട്ടിടങ്ങൾക്ക് റവന്യൂ റിക്കവറി ശിപാർശ ചെയ്തിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.02/07.11.2023).

**3) സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ സേവന ഉപനികുതി ഈടാക്കിയിട്ടില്ല. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സർവീസ് ചാർജ് ഈടാക്കുന്നില്ല.

**4) തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നുണ്ടെങ്കിലും കരാറുകാർ,റേഷൻ കടകൾ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

**5) വിനോദനികുതി**

പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, വിനോദസഞ്ചാരസാധ്യതകൾ ഉള്ള സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല.

**6. നികുതിയേതര വരവുകൾ**

(1)വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

പഞ്ചായത്തിന് മൂന്ന് ഷോപ്പിംഗ് കോംപ്ലക്സുകൾ ഉണ്ട്. ആയതിൽ നിന്നും വാടക ഈടാക്കുകയും, കുടിശ്ശിക

വരുത്തിയവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കാലഹരണപ്പെട്ട ആസ്തികൾ ലേലം ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. ആയതിൽ കാലപ്പഴക്കം സംഭവിച്ച വാഹനത്തിന്റെ ലേലം യഥാസമയം നടത്തിയിട്ടുണ്ട്. ആംബുലൻസ്, കാർഷികയന്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് വാടകയില്ല.

(3) മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. ക്രമ നം. 142 & 143 പ്രകാരം യഥാക്രമം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്.

എന്നാൽ പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്ററും, പാരാമെഡിക്കൽ ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നതിനാവശ്യമായ ലൈസൻസ് എടുത്തിട്ടില്ല.

1. NSA ക്ലിനിക്ക്

2. പൾസ് ഹോളിസ്റ്റിക്ക് ഹെൽത്ത് കെയർ റീഹാബിലിറ്റേഷൻ

3. അരുൾ ക്ലിനിക്കൽ ലബോറട്ടറി & ഡിജിറ്റൽ എക്സ്-റേ

4. അരുൾ ക്ലിനിക്കൽ ലബോറട്ടറി

5. സുധർമ്മ സ്പെഷ്യാലിറ്റി ലബോറട്ടറി

6. കൃപ ഹൈടെക്ക് ലബോറട്ടറി, എളനാട്

7. കൃപ ഹൈടെക്ക് ലബോറട്ടറി, പഴയന്നൂർ

8. ഹൈ ടെക്ക് ലാബ്

9. ജീവ ഹൈ ടെക്ക് ലബോറട്ടറി

10. വിനായക മെട്രോ മെഡിക്കൽ ലാബ്

11. സ്മൈൽ കെയർ ഡെന്റൽ ക്ലിനിക്ക്

ട്രസ്റ്റ് കെയർ ഹോമിയോപ്പതിക്ക് ക്ലിനിക്ക്

ആയതിനാൽ മേൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളെകൊണ്ട് ലൈസൻസ് എടുപ്പിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

എന്നാൽ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ഒന്നിൽ കൂടുതൽ

ജീവനക്കാരുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ഗ്രേറ്റ് മോട്ടോർസ് | 4/904 | 10 |
| 2. | എൻ.എസ് ഏജൻസീസ് | 19/360 | 4 |
| 3. | ഫീനിക്സ് ഐസ് ക്യൂബ്സ് | 2/142B | 8 |
| 4. | സോന സിമന്റ് ബ്രിക്ക്സ് | 13/519 | 5 |
| 5. | കേരളീയ ആയുർവേദ സമാജം ഏജൻസി & നഴ്സിംഗ് ഹോം | 4/920 | 4 |
| 6. | ചിറക്കൽ സോമിൽ | 5/624 | 3 |
| 7. | ഫാത്തിമ മോഡേൺ റൈസ് മിൽ | 4/57,58,59 | 9 |
| 8. | മേക്കാട്ടിൽ ഫ്യൂവൽസ് | 12/272 | 2 |
| 9. | വിശാൽ ഫ്യൂവൽസ് | 19/776 | 5 |
| 10. | മദീന ഹോളോബ്രിക്ക്സ് | 4/843 | 4 |
| 11. | എല്ലോറ ഡിസൈനേഴ്സ് | 22/1037 | 3 |

ആയതിനാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.12/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതും, വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2022-23 കാലയളവിൽ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. ഇബ്രാഹിംകുട്ടി

2. അബ്ദുൾറഷീദ്

3. രവി ആർ

4. രാജൻ സി

5. റോയ് കെ.എം

6. ബഷീർ കെ.എം

7. ടി.എൻ പ്രസാദ്

8. വെങ്കിടരമണൻ പി. എസ്

9. കെ.എം ഹംസ

10. മുഹമ്മദ് ബഷീർ

11. റഷീദ് പി.എം

12. പ്രകാശൻ കെ.വി

13. ബാബു ഇ

14. അയ്യൂബ് കെ.എം

15. ബിജു എം മാത്യു

16. മുഹമ്മദ് അലി

17. സഹദ്

18. പി.കെ കൃഷ്ണദാസ്

19. സിയാദ് എസ്

20. സുരേന്ദ്രൻ ആർ

21. മുഹമ്മദ് ബഷീർ

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.12/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി കരാറുകാരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-13 വസ്തുനികുതി - ബാധകമായ വർദ്ധനവുകൾ വരുത്തിയില്ല

**I. വസ്തുനികുതി-കെട്ടിടങ്ങളുടെ പ്രവേശന മാർഗ്ഗം തെറ്റായി നിർണ്ണയിച്ചു**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും,വർദ്ധനവുകളും അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉണ്ടെങ്കിൽ വസ്തുനികുതിയിൽ 20% അധിക വർദ്ധന വരുത്താവുന്നതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളിൽ 2022-23 സാമ്പത്തികവർഷം നമ്പർ അനുവദിച്ച ചുവടെ പറയുന്ന കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ അപേക്ഷകൻ സമർപ്പിച്ച രേഖകളിൽ കെട്ടിടങ്ങളിലേക്കുള്ള പ്രവേശനം 5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നുമാണെങ്കിലും ആയവയ്ക്ക് 1.5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നുമുള്ള പ്രവേശനം നൽകി വസ്തുനികുതിയിൽ വർദ്ധനവോ ഇളവോ നൽകിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | പഞ്ചായത്ത് നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക് (രൂപ/ച.മീ) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിരുന്ന നികുതി |
|---|---|---|---|---|---|
| 15/133C | 618.69 | വ്യവസായത്തിന് ആവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - സ്റ്റോറേജ് ഷെഡ് | 10 | 5198(4950+LC 248) (ദ്വിതീയ മേഖല-10%, ഇളവ്, മേൽക്കൂര-10%, ഇളവ്) | 6496 (6187+LC 309) (വഴിയുടെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ഉൾപ്പെടുത്തുമ്പോൾ) |
| 12/266A | 278.77 | പാർപ്പിടാവശ്യം | 5 | 1317 (1254+LC 63) (ദ്വിതീയ മേഖല-10% ഇളവ്) | 1610 (1533+LC77) (വഴിയുടെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് |

| | | | | | |
|---|---|---|---|---|---|
| | | | | | ഉൾപ്പെടുത്തുമ്പോൾ) |

**II. ഓഡിറ്റോറിയത്തിന്റെ വസ്തുനികുതി - വർദ്ധനവ് നൽകിയില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും, വർദ്ധനവുകളും അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉണ്ടെങ്കിൽ വസ്തുനികുതിയിൽ 20% അധിക വർദ്ധനവും, കേന്ദ്രീകൃത എയർകണ്ടീഷനിംഗ് ഉണ്ടെങ്കിൽ 15% വർദ്ധനവും വരുത്താവുന്നതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളിൽ 2022-23 സാമ്പത്തികവർഷം ഗോപകുമാറിന്റെ ഉടമസ്ഥയിലുള്ള ഓഡിറ്റോറിയത്തിന് 1/29A നമ്പർ അനുവദിച്ച ഫയൽ പരിശോധിച്ചതിൽ അപേക്ഷകൻ സമർപ്പിച്ച രേഖകളിൽ പ്രാഥമിക മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം എയർകണ്ടീഷനിംഗ് ഉള്ളതാണെന്നും, കെട്ടിടത്തിലേക്കുള്ള പ്രവേശനം 5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നും ആണെങ്കിലും ആയതിനെ 1.5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നുമുള്ള പ്രവേശനം നൽകി വസ്തുനികുതിയിൽ വർദ്ധനവോ, ഇളവോ നൽകിയിട്ടില്ല. ആയതിനോടൊപ്പം എയർകണ്ടീഷനിംഗിന്റെ 15% വർദ്ധനവും നൽകിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക് (രൂപ/ച.മീ) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിരുന്ന നികുതി |
|---|---|---|---|---|---|
| 1/29A | 787.89 | ആഡിറ്റോറിയം | 35 | 26060(24819+LC 1241) (ദ്വിതീയ മേഖല-10%, ഇളവ്) | 39089 (37228+LC 1861) (പ്രാഥമിക മേഖല - ഇളവും,വർദ്ധനവും ഇല്ല, വഴിയുടെ അടിസ്ഥാനത്തിൽ 20% വർദ്ധന, എയർകണ്ടീഷനിംഗ് 15% വർദ്ധനവ് ) |

മേൽ കെട്ടിടങ്ങൾക്ക് നിയമാനുസൃതമായ വസ്തുനികുതി വർദ്ധനവ് നൽകാത്തതിനാൽ വസ്തുനികുതിയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ നിയമാനുസൃത വർദ്ധനവ് നൽകാതിരുന്നതിന് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തി വസ്തുനികുതിയിൽ വർദ്ധനവ് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**1-14 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കടയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവയിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.2019 ലെ (സി.എസ്)എ9-764/2019 കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തികവർഷത്തെ FTEOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ആയതിനാൽ റേഷൻ കടകൾ ലൈസൻസ് എടുക്കാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നതിന് മറുപടി

ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/15.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ ആകെ റേഷൻകടകളുടെ എണ്ണം തിട്ടപ്പെടുത്തി ആയവയെകൊണ്ട് ലൈസൻസ് എടുപ്പിച്ച്, തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

| ക്രമ നം. | ഇനം | നിരക്ക്(രൂപ/ച.മീ) |
|---|---|---|
| 1. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടം(ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ) | 30 |
| 2. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ ന മുകളിലുള്ള കെട്ടിടം (ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ) | 50 |

വസ്തുനികതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചപ്പോൾ വാർഡ് 22 ലെ ചുവടെ പറയുന്ന കെട്ടിടങ്ങളുടെ വിസ്തീർണ്ണം 100 ച.മീ യ്ക്ക് മുകളിലാണെങ്കിലും ആയവയെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടമായി പരിഗണിച്ച് അടിസ്ഥാന നിരക്ക് 50 രൂപ എന്നതിന് പകരം 30 രൂപ കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണം (ച.മീ) |
|---|---|---|---|
| 1 | 22/614 | മൊയ്തു അലി ആന്റ് അബ്ദുൾ നാസർ മുതൽപേർ | 118 |
| 2. | 22/615 | മൊയ്തു അലി ആന്റ് അബ്ദുൾ നാസർ മുതൽപേർ | 118 |
| 3. | 22/824 | ഷൺമുഖൻ, കല്ലംപറമ്പിൽ | 121 |
| 4. | 22/825 | ഷൺമുഖൻ, കല്ലംപറമ്പിൽ | 121 |
| 5. | 22/826 | ഷൺമുഖൻ, കല്ലംപറമ്പിൽ | 121 |
| 6. | 22/914 | സി.രാജീവ് ആൻറ് സി.പ്രീതി | 102.9 |
